## 3. ചെറുകിട ജല വൈദ്യുത നയം 2012

ഇ.എം.സി തയ്യാറാക്കിയ കേരള സംസ്ഥാനത്തിന്റെ ചെറുകിട ജലവൈദ്യുത നയം 2012, കേരള സർക്കാർ പുറത്തിറക്കി. ഈ നയപ്രകാരം,

- സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ പരിസ്ഥിതി സൗഹൃദപരമായ പ്രകൃതി വിഭവങ്ങളുടെ പങ്ക് വർദ്ധിപ്പിക്കുകയും, ചെറുകിട ജലവൈദ്യുതപദ്ധതികൾ വളരെ വേഗത്തിൽ നടപ്പാക്കുക വഴി ഗ്രാമീണമേഖലയുടെ ഊർജ്ജ പ്രതിസന്ധികൾ മറികടക്കുകയും ചെയ്യുക
- പൊതു / സ്വകാര്യ / കമ്മ്യൂണിറ്റി പങ്കാളിത്തത്തിന് ഉതകുന്നസാഹചര്യമൊരുക്കുക, ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിക്ഷേപം ഉണ്ടാക്കുക എന്നിവആവശ്യമാണ്.

പുതിയ ചെറുകിട ജല വൈദ്യുത നയവും പഴയ നയവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| പുതിയ പോളിസി | നിലവിലുള്ള പോളിസി |
|---|---|
| 2017 ആകുമ്പോഴേക്കും150 മെഗാവാട്ട് അധികശേഷി ലക്ഷ്യമിട്ടിരിക്കുന്നു | എത്ര മെഗാവാട്ട് അധികമായി ഉല്പാദിപ്പിക്കും എന്ന് ലക്ഷ്യമിട്ടിട്ടില്ല |
| വാട്ടർ സെസ്സ് ഇല്ല | വാട്ടർ സെസ്സ് ഇല്ല |
| സ്വകാര്യ സംരംഭകർ കണ്ടെത്തുന്ന സ്വകാര്യ ഭൂമിയിൽ പദ്ധതി തുടങ്ങുന്നതിന് അനുവാദം നൽകുന്നുണ്ട് | ഇല്ല |
| സ്വകാര്യ സംരംഭകർ കണ്ടെത്തുന്ന സർക്കാർ ഭൂമിയിൽ ബിഡ്ഡിംഗ് പ്രകാരം പദ്ധതി തുടങ്ങുന്നതിന് അനുവദിക്കുന്നു | ഇല്ല |
| തന്നത്താൻ കണ്ടെത്തുന്ന പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനും സ്വീകാര്യമായ റേറ്റിൽ പദ്ധതി നടപ്പിലാക്കുന്നതിനും, നിരസിക്കുന്നതിനും അനുവാദം നൽകുന്നു. | ഇല്ല |
| കണ്ടെത്തുന്ന പദ്ധതികൾ (സ്വിസ്സ് രീതി) അതിന്റെ കപ്പാസിറ്റി അനുസരിച്ച് ബിഡ് ചെയ്യുന്നതിന് അനുവദിക്കുന്നുണ്ട്. | ഇല്ല |
| ഒരു ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുന്ന TEFR അനുസരിച്ച് കപ്പാസിറ്റി പുതുക്കുന്നതിനും അനുവദിക്കുന്നുണ്ട് | ഇല്ല |
| ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല | ഇല്ല |

| | |
|---|---|
| എംപവേർസ് കമ്മിറ്റി എത്രയും പെട്ടെന്ന് സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് നൽകുന്നതാണ്. | |
| സ്വകാര്യ ഭൂമി പദ്ധതി നടത്തിപ്പുകാരൻ ഭൂമി കണ്ടുപിടിക്കേണ്ടതാണ്. പദ്ധതിക്കാവശ്യമായ 75% ഭൂമിയും കണ്ടുപിടിച്ചതിനുശേഷം ആവശ്യമായ സർക്കാർ നടപടികൾക്കായി അപേക്ഷിക്കാവുന്നതാണ്. | പദ്ധതി നടപ്പിലാക്കുന്നയാൾ ശരിയാക്കേണ്ടതാണ്. |
| 500 കിലോവാട്ട് വരെയുള്ള ഹൈഡ്രോ പദ്ധതികൾ ദർഘാസ് കൂടാതെ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. | വിഭാവനം ചെയ്തിട്ടില്ല |
| ബാങ്കിംഗ് അനുവദിക്കുന്നു | ഇല്ല |
| ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർമാർക്ക് ഡിമാന്റ് ചാർജിൽ ആശ്വാസം | ഇല്ല |
| ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപ വരെ നിരക്കിലുള്ള Threshold പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ bidding നേരത്തെ IPP ക്ക് വൈദ്യുതിയുടെ യൂണിറ്റ് റേറ്റിലും, ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർക്ക് upfront പ്രീമീയത്തിന്റെ അടിസ്ഥാനത്തിലും | |
| പദ്ധതി നടപ്പിലാക്കുന്നവരുടെ സാങ്കേതികമായ കഴിവിനെക്കാളും സാമ്പത്തിക ശേഷി കണക്കിലെടുത്തു | |
| അവസനവർഷ networthപദ്ധതി ചെലവിന്റെ 15% ആയിരിക്കണം | പദ്ധതി നടത്തിപ്പിൽ 5 കൊല്ലത്തെ പരിചയം ആവശ്യപ്പെട്ടിരുന്നു. |
| TEFR ന് അനുമതി നൽകുന്നതിനും അതിനോടനുബന്ധിച്ചുള്ള സാങ്കേതിക കാര്യങ്ങൾ നോക്കുന്നതിനും ഈ മേഖലയിലെ വിദഗ്ധരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും. ഡയറക്ടർ കൺവീനറായിരിക്കും. | കെ എസ് ഇ ബി യെ ചുമതലപ്പെടുത്തിയിരുന്നു. |
| ഇന്ത്യാ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ സംരംഭകർക്ക് കൈമാറും | മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിരുന്നില്ല. |
| സുരക്ഷാ സംവിധാനങ്ങൾ സുതാര്യമാക്കുന്നതിന് ഡാം സുരക്ഷാ അതോറിറ്റിയുടെ പരിശോധന | വിഭാവനം ചെയ്തിരുന്നില്ല. |